

ഖലീഫതുൽ മസീഹ് അൽ ഖാമിസ്

بسم الله الرحمن الرحيم ۝ نحمده ونصلی علی رسوله الکریم ۝ وعلیٰ عبده المسیح الموعود

**ജുമുഅ ഖുത്വ്ബ 2011 ജൂൺ 17 (No. 24)**

**ഹദ്റത് ഖലീഫതുൽ മസീഹ് അൽഖാമിസ്** ایده الله تعالیٰ بنصره العزیز

വിവർത്തനം എം. നാസിർ അഹ്മദ് കൊടിയത്തൂർ



Baitushukkur, Germany

# നേരായ മാർഗ്ഗത്തിൽ മുന്നേറുക

ഇക്കാലഘട്ടത്തിലെ ഇമാമിനെ സ്വീകരിക്കുവാനുള്ള സൗഭാഗ്യം നൽകി എന്നത് അല്ലാഹു നമ്മോട് കാണിച്ച വലിയ ഔദാര്യമാണ്. ഈ ഔദാര്യത്തെക്കുറിച്ച് ഒരഹ്മദി ഓർക്കുകയാണെങ്കിൽ ജീവിതം മുഴുവനും ഇതിന് അവൻ നന്ദി രേഖപ്പെടുത്തിയാലും മതിയാകുന്നതല്ല. ലോകത്തിലെ മുസ്ലീംകളുടെ ജനസംഖ്യ ഇപ്പോൾ 200 കോടിയിൽ താഴെയാണെന്നാണ് പറയപ്പെടുന്നത്. 14-ാം നൂറ്റാണ്ടിൽ മസീഹും മഹ്ദിയും ആഗതരാകുമെന്ന തിരുദൂതരുടെ പ്രവചനം എല്ലാവരുടെയും മുമ്പിലുള്ളതാണ്. അന്ധകാര നിബിഢമായ ഒരു കാലഘട്ടത്തിനുശേഷം ഇസ്ലാമിന്റെ പുനർജനനത്തിന്റെ കാലഘട്ടം തുടങ്ങുന്നതാണ്. അതുകൊണ്ട് മഹ്ദി ഇമാം പ്രത്യക്ഷപ്പെടുകയും അടയാളങ്ങളെല്ലാം പുലരുകയും ചെയ്താൽ എന്റെ പ്രിയ പ്രേമിയെ നിങ്ങൾ അംഗീകരിക്കണം എന്ന് തിരുമേനി ﷺ കൽപിച്ചു. പ്രത്യേകിച്ച് ഒരേ റമദാൻ മാസത്തിൽ നിശ്ചിത തിയ്യതികളിൽ പ്രത്യക്ഷപ്പെടുന്ന സൂര്യചന്ദ്രഗ്രഹണങ്ങൽ സംഭവിച്ചാൽ. കാരണം ഈ അടയാളം ആകാശഭൂമി ഉണ്ടായതുമുതൽ ഒരു വാദിക്കു വേണ്ടിയും വെളിപ്പെട്ടിട്ടില്ല. വാഗ്ദത്ത മസീഹിനെ വിശ്വസിക്കണം എന്നത് തിരുനബി ﷺ യുടെ കൽപനയാണ്. വിശുദ്ധ ഖുർആൻ اٰخَرِيۡنَ مِنۡهُمۡ لَمَّا يَلۡحَقُوۡا بِهِمۡ എന്ന് പറഞ്ഞുകൊണ്ട് ഇതിലേക്ക് നമ്മുടെ ശ്രദ്ധ പ്രത്യേകം തിരിക്കുകയുണ്ടായി. ഈ ആയത്തിന്റെ വിശദീകരണം നൽകിക്കൊണ്ട് തിരുനബി ﷺ പറഞ്ഞത് അദ്ദേഹത്തെ അനറബികളിൽ അന്വേഷിക്കണമെന്നാണ്. മഞ്ഞുമലയിലൂടെ മുട്ടുകുത്തിപ്പോകേണ്ടിവന്നാലും എന്റെ സലാം അദ്ദേഹത്തിന് എത്തിക്കണമെന്ന് പറഞ്ഞു. എപ്പോഴും ഹിദായത്തിൽ നിലനിൽക്കാനും ഹിദായത്തിൽ ചരിക്കാനുമുള്ള പ്രാർത്ഥനയും അല്ലാഹു മുസ്ലിംകൾക്ക് പഠിപ്പിച്ചുകൊടുക്കുകയുണ്ടായി. ഇതെല്ലാമുണ്ടായിട്ടുകൂടി ഇതേവരെ അഞ്ചോ ആറോ ശതമാനം ആളുകൾക്ക് മാത്രമേ കാലഘട്ടത്തിന്റെ ഇമാമിനെ തിരിച്ചറിയാൻ കഴിഞ്ഞിട്ടുള്ളൂ.

മുസ്ലിംകൾ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ എന്ന പ്രാർത്ഥന തങ്ങളുടെ നമസ്ക്കാരത്തിൽ ഒരു ദിവസം തന്നെ പലവുരു ആവർത്തിച്ച് ചൊല്ലാറുണ്ട്. അല്ലാഹുവിന്റെയും നബി ﷺ ന്റെയും പ്രവചനങ്ങൾ എല്ലാവരുടെയും മുമ്പിലുള്ളതുമാണ്. ഇതെല്ലാമായിരുന്നിട്ടുകൂടി മുസ്ലിംകളിൽ ബഹുഭൂരിഭാഗവും കാലഘട്ടത്തിന്റെ ഈ ഇമാമിനെ നിഷേധിക്കുന്ന ഗണത്തിലാണ് ഉൾപ്പെട്ടിരിക്കുന്നത്. വെറും അംഗീകരിക്കാതിരിക്കുക എന്ന് മാത്രമല്ല, കളവാക്കിത്തള്ളുന്നതിൽ തീവ്രമായ നിലപാട് എടുത്ത് കൊണ്ടിരിക്കുകയാണ്. അല്ലാഹുതആല സദ്പ്രകൃതരായ അമുസ്ലിംകൾക്കും നിരീശ്വരവാദികൾക്കും മതനിഷേധികൾക്കും ഹിദായത്ത് നൽകിക്കൊണ്ടിരിക്കുന്നു. ഓരോ വർഷവും ആയിരക്കണക്കിന് പേർ ഇവരിൽ നിന്നും ജമാഅത്തിൽ പ്രവേശിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ നിർഭാഗ്യമെന്ന് പറയട്ടെ നാമധാരികളും സ്വാർത്ഥരുമായ മുല്ലാക്കളുടെ പിന്നാലെ നടന്ന് മുസ്ലിംകൾ എന്ന് പറയപ്പെടുന്ന ചിലർ ചില സ്ഥലത്ത് ഇമാമുസ്സമാനിനെ എതിർക്കുന്നതിൽ എല്ലാ അതിർവരമ്പുകളും ലംഘിച്ചിരിക്കുകയാണ്. അല്ലാഹുവിന് മാത്രമെ ഇവർക്ക് ബുദ്ധി നൽകാൻ കഴിയുകയുള്ളൂ. നാമധാരികളായ ഉലമാവർഗ്ഗത്തെക്കുറിച്ച് പറയുകയാണെങ്കിൽ ഇസ്ലാഹിനുള്ള എല്ലാ മാർഗ്ഗവും അവർക്കായി കൊട്ടിയടക്കപ്പെട്ടതായാണ് തോന്നുന്നത്. എന്നാൽ നിഷ്കളങ്കരും നബിയുടെ സ്നേഹത്തിന്റെ പേരിലെന്ന് തെറ്റിധരിച്ചുകൊണ്ട് ഇവ്വിധം പ്രവർത്തനങ്ങൾ നടത്തുന്നവരുമായവർക്ക് അല്ലാഹു ഹിദായത്ത് നൽകട്ടെ. യഥാർത്ഥ ഇമാമിനെ തിരിച്ചറിയാൻ അവർക്ക് കഴിയുമാറാകട്ടെ. ഈ കാലഘട്ടത്തിലെ ഇമാമിനോടുള്ള ശത്രുതയിൽനിന്നും അവർ പിന്തിരിയുമാറാകട്ടെ. ചില നാടുകളിൽ അത് അതികഠിനമായിക്കൊണ്ടിരിക്കുകയാണ്. അവർ തങ്ങളുടെ പര്യവസാനം ശരിയാക്കുന്നവരായിത്തീരട്ടെ.

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ എന്ന പ്രാർത്ഥന മുസ്ലിംകളുടെ ഹൃദയാന്തരാളങ്ങളിൽ നിന്ന് പുറപ്പെട്ടിരുന്നുവെങ്കിൽ എത്ര നന്നായേനെ. അങ്ങനെ മുസ്ലിം സമുദായം അല്ലാഹുവിന്റെ ഫള്ലിന് അവകാശികളായിത്തീർന്നേനെ. ഇവരെയും ആദരവോടും ബഹുമാനത്തോടും ലോകം വീക്ഷിക്കുന്ന അവസ്ഥയിൽ ഇവർ എത്തിയിരുന്നേനെ. اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ എന്നതിനെ വിശദീകരിച്ചുകൊണ്ട് ഹ:മസീഹ് മൗഊദ് عليه السلام പറയുന്നു. "വിശുദ്ധ ഖുർആനിൽ ഭൗതിക പരിഷ്ക്കരണത്തിന് വേണ്ടി ഒരു രാജാവിന്റെ കൽപനക്കൊത്ത് ജീവിക്കാൻ പറഞ്ഞിട്ടുണ്ട്. അതേപോലെ ആത്മീയ പരിഷ്ക്കരണത്തിനും ഈ മാർഗ്ഗം തന്നെയാണ് വിശുദ്ധ ഖുർആൻ പറയുന്നത്. ഒരു സ്ഥലത്ത് ഇതിലേക്ക് സൂചന നൽകിക്കൊണ്ടാണ് അല്ലാഹു ഈ ദുആ പഠിപ്പിക്കുന്നത്.

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ۙ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ

ഇവിടെ നാം ഒരു കാര്യം ചിന്തിക്കേണ്ടതാണ്. ഒരു വിശ്വാസിയോ ഒരു മനുഷ്യനോ അതല്ലാ ഒരു ജീവിപോലും അല്ലാഹുവിന്റെ അനുഗ്രഹം ലഭിക്കാത്തതായിട്ടില്ല. എന്നാൽ അവരെ പിൻപറ്റാനാണ് അല്ലാഹു ഈ കൽപന നൽകിയതെന്ന് പറയാൻ പറ്റില്ല. അതുകൊണ്ട് ഈ ആയത്തിന്റെ അർത്ഥം ഇതാണ്, ഏതൊരു കൂട്ടരിൽ സർവ്വ സമ്പൂർണ്ണമായ രീതിയിൽ ആത്മീയ അനുഗ്രഹങ്ങൾ വർഷിക്കപ്പെട്ടിട്ടുണ്ടോ അവരുടെ മാർഗ്ഗം അവലംബിക്കാൻ ഞങ്ങൾക്ക് തൗഫീഖ് നൽകേണമേ. അവരെ ഞങ്ങളും പിൻപറ്റുന്നവരായിത്തീരട്ടെ. ചുരുക്കത്തിൽ ഈ ആയത്തിൽ പറയുന്നത് നിങ്ങളും ഇമാമുസ്സമാന്റെ കൂടെ ചേരുക എന്നതാണ്.

ഇമാമുസ്സമാനിന്റെ നിർവചനം നൽകിയത് ഇപ്രകാരമാണ്. അല്ലാഹു മനുഷ്യരാശിക്ക് ഹിദായത്ത് നൽകാൻ വേണ്ടി അയക്കുന്ന തന്റെ വരിഷ്ഠ ദാസരാണ് ഇമാമുസ്സമാൻ. ഇക്കാലത്ത്

വിശുദ്ധ ഖുർആന്റെയും നബി ﷺ യുടെ പ്രവചനങ്ങളുടെയും അടിസ്ഥാനത്തിൽ കാലഘട്ടത്തിന്റെ ഇമാം നബി ﷺ യുടെ പ്രിയ പ്രേമിയായ വാഗ്ദത്ത മസീഹ് തന്നെയാണ്. അദ്ദേഹം ഈ അനുഗ്രഹങ്ങൾ കരസ്ഥമാക്കിക്കൊണ്ട് അല്ലാഹുവിൽനിന്നും അവതരിച്ചിട്ടുള്ളതാണ്. ഈ അനുഗ്രഹങ്ങൾ നബി ﷺ യുടെ കൃപാകടാക്ഷത്താൽ ഖിയാമത്ത് വരെ നിലനിൽക്കുന്നതാണ്. നബി ﷺ യുടെ പ്രവചന പ്രകാരം വാഗ്ദത്ത മസീഹ് മുഖേന യാണ് ഈ അനുഗ്രഹം നിലനിൽക്കുക. ഈ അനുഗ്രഹം ലഭിക്ക ണമെങ്കിൽ അദ്ദേഹവുമായി ബന്ധപ്പെട്ടു നിൽക്കേണ്ടതാണ്.

ഇന്നേക്ക് 1400 വർഷങ്ങൾക്ക് മുമ്പ് തുടങ്ങിയ ഈ അനുഗ്രഹ ത്തിൽ നിന്നും തിരുനബി ﷺ യുടെ സഹാബത്ത് നല്ലതുപോ ലെ ഫലമെടുക്കുകയുണ്ടായി. തങ്ങളുടെ വിശ്വാസത്തിന് നവോ ന്മേഷം പകരാൻ കഴിയുന്നതെങ്ങിനെയെന്നുള്ള നിരന്തരമായ അന്വേഷണത്തിലാണ് അവർ എപ്പോഴും കഴിച്ചുകൂട്ടിയിരുന്നത്. اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ എന്ന മന്ത്രം എപ്പോഴും അവരുടെ ചുണ്ടിൽ ഉണ്ടാകും. അവർ നമസ്ക്കരിക്കുമ്പോൾ ഓരോ പ്രാർത്ഥ നയും വാക്കും അവരുടെ ഹൃദയാന്തരാളങ്ങളിൽ നിന്നാണ് നിർഗ ളിച്ചിരുന്നത്. ഉദാഹരിക്കാൻ കഴിയാത്ത തരത്തിലുള്ള ഒരു സ്നേ ഹബന്ധമായിരുന്നു അവർക്ക് തിരുനബിയോടുണ്ടായിരുന്നത്. ഇതിന്റെ ഫലമായി **റളിയല്ലാഹു അൻഹും** എന്ന ബഹുമതിക്ക് അല്ലാഹു അവരെ അർഹരാക്കുകയും ചെയ്തു. അതുകൊണ്ട് ഈ അനുഗ്രഹത്തെ നിലനിറുത്തുന്നതിനും ഹിദായത്തിൽ അടി യുറക്കുന്നതിനും സിറാത്തെ മുസ്തഖീമിൽ നിരന്തരം ചരിച്ചു കൊണ്ടിരിക്കുന്നതിനും തിരുനബി ﷺ യുടെ കൽപനകളെ മാനിച്ചുകൊണ്ടാണ് നാം ഇക്കാലത്തെ ഇമാമിനെയും മസീഹ് മഹ്ദിയെയും സ്വീകരിച്ചിരിക്കുന്നത്. അതിനാൽ എപ്പോഴും അല്ലാ ഹുവിന്റെ അനുഗ്രഹത്തിന് അവകാശികളായിത്തീരുന്ന തരത്തി ലുള്ള ഒരു ബന്ധം നമുക്ക് അദ്ദേഹവുമായി ഉണ്ടായിരിക്കേണ്ട താണ്. ബൈഅത്ത് വേളയിൽ ഈ ബന്ധത്തെ മറ്റു സേവക ഭാ വങ്ങളിലുള്ള ബന്ധത്തെക്കാൾ ഏറ്റവും മുൻഗണന നൽകുന്ന താണെന്ന് നാം ഏറ്റുപറയുകയും ചെയ്തിരിക്കുന്നു. ബൈഅ ത്തിന്റെ പത്താമത്തെ നിബന്ധനയിൽ ഉള്ളതാണിത്. ആ നിബ ന്ധന, ഈ വിനീതനോട് (ഹ: മസീഹ് മൗഊദ് عليه السلام നോട്) തന്റെ കഴിവിന്റെ പരമാവധി അല്ലാഹുവിന്റെ തൃപ്തിക്കായി എല്ലാ നല്ല കാര്യങ്ങളിലും അനുസരിക്കുന്നതാണെന്ന് പ്രതിജ്ഞ ചെയ്യു ന്നു. ഈ പ്രതിജ്ഞ മരണം വരെ പാലിക്കുന്നതാണ്. ഭൗതിക മായ ഒരു ബന്ധത്തിലും കാണാത്തതരിത്തിലുള്ള സുദൃഢമായ സാഹോദര്യബന്ധമായിരിക്കും ഇത്. അത്കൊണ്ട് ബൈഅത്ത് ചെയ്തുകഴിഞ്ഞ ഉടനെ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ എന്ന നമ്മുടെ ദുആ സ്വീകരിക്കപ്പെട്ടു കഴിഞ്ഞു എന്ന് ധരിക്കാവതല്ല. അതുമ ല്ലെങ്കിൽ നമ്മുടെ പൂർവ്വികരുടെ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ എന്ന ദുആ അല്ലാഹു സ്വീകരിച്ചുകൊണ്ട് നമ്മെ അവരുടെ വീടു കളിൽ പിറക്കാൻ അനുവദിച്ചു എന്നും ധരിച്ചുകൂടാ.

കാലഘട്ടത്തിന്റെ ഇമാമിനെ വിശ്വസിക്കാനുള്ള തൗഫീഖ് നമുക്ക് അല്ലാഹു നൽകി. ഇത് മാത്രം മതിയാകുന്നതല്ല. നാം തിരുനബി ﷺ യുടെ നിർദ്ദേശമനുസരിച്ച് ഈ ഇമാമിനെ വിശ്വ സിക്കുകയുണ്ടായി. ഇനി നമുക്ക് മുന്നോട്ട് കുതിക്കേണ്ടിയിരിക്കു ന്നു. മുമ്പത്തേക്കാളുപരി اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ എന്നതിലേക്ക് ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. എല്ലാ നല്ല കാര്യങ്ങളിലും അനുസരി ക്കുന്നതാണെന്ന നമ്മുടെ കരാറിൽ എപ്പോഴും നിലനിൽക്കണം. സ്വിറാത്തെ മുസ്തഖീമിൽ എപ്പോഴും ചരിക്കുന്നവരായി നാം മാറ ണം. അതേപോലെ وَلَا تَمُوْتُنَّ اِلَّا وَاَنْتُمْ مُّسْلِمُوْنَ എന്ന വിശുദ്ധ ഖുർആന്റെ കൽപനയനുസരിച്ച് ജീവിക്കുന്നവരായി മാറണം. പൂർണ്ണമായും അനുസരണം പുലർത്തുന്ന അവസ്ഥയിലല്ലാതെ നിങ്ങൾ മരിക്കരുത് എന്നതാണ് അതിന്റെ അർത്ഥം.

അല്ലാഹുവിന്റെ കൃപ മനുഷ്യരിലില്ലെങ്കിൽ ഒരിക്കലും അവന് സമ്പൂർണ്ണ അനുസരണം പ്രകടിപ്പിക്കാൻ സാധ്യമല്ല. അല്ലാഹു വിന്റെ കൃപയെ ആകർഷിക്കുന്നതിന്‌വേണ്ടി അല്ലാഹുവിലേക്ക് അവന് തിരിയേണ്ടതായി വരും. അതിലേക്ക് ശ്രദ്ധ ഉണ്ടായി ക്കൊണ്ടേ ഇരിക്കുവാനാണ് അല്ലാഹു ഈ പ്രാർത്ഥന നമുക്ക് പഠിപ്പിച്ചുതന്നിരിക്കുന്നത്. ഓരോ നമസ്ക്കാരത്തിലും ഓരോ റക അത്തിലും اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ എന്ന ദുആ ചൊല്ലണം എന്ന് കൽപിക്കുകയുണ്ടായി. ഹിദായത്ത് നൽകുന്നവൻ അല്ലാഹുവാണ്. നാം സ്വയം ആത്മപരിശോധന നടത്തിക്കൊണ്ട് അല്ലാഹുവിന്റെ ഭയം ഹൃദയത്തിൽ നിലനിറുത്തിക്കൊണ്ട് സൻമാർഗത്തിൽ നിലനിറുത്തേണമേ എന്ന ദുആ സ്ഥിരമായി ചെയ്തുകൊണ്ടേ പോകുക. ഇതില്ലാതെ മനുഷ്യന് മറ്റൊരു സേവ ക ഭാവത്തിലും കാണാത്ത തരത്തിലുള്ള ബന്ധം സ്ഥാപിക്കുക എന്നത് വളരെ പ്രയാസംതന്നെ. പൂർണ്ണമായ അനുസരണം പ്രക ടിപ്പിച്ചുകൊണ്ടുള്ള ബന്ധം സ്ഥാപിക്കേണമെങ്കിൽ അല്ലാഹു വിന്റെ സഹായം അനിവാര്യമാണ്. അതുകൊണ്ട് ഹിദായത്ത് ചോദിക്കേണ്ടതും സഹായവും തേടലും അല്ലാഹുവിനോടാണ്.

അതിനാൽ കാലഘട്ടത്തിന്റെ ഇമാമിനോട് ചെയ്ത ബൈഅ ത്തിന്റെ ഉടമ്പടി യഥാർത്ഥത്തിൽ നിറവേറ്റാൻ ആഗ്രഹിക്കുന്നവ രാണെങ്കിൽ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ എന്നതിന്റെ പൊരുൾ കൂടി മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഇതിനെക്കുറിച്ച് ഗഹനമായി ചിന്തി ക്കേണ്ടിയിരിക്കുന്നു. ഒരു പ്രത്യേക ആവേശത്തോടെ ഈ ദുആ ഇരക്കുകയും ചെയ്യേണ്ടതായുണ്ട്. നാം കാലഘട്ടത്തിന്റെ ഇമാ മിനെ വിശ്വസിച്ചു, എല്ലാം തികഞ്ഞു എന്ന് ധരിച്ചുവെക്കരുത്. അതോടൊപ്പം മസീഹ് മൗഊദ് عليه السلام സ്ഥാപിച്ചിരിക്കുന്ന നിസാ മുമായും നാം ബന്ധം സ്ഥാപിക്കേണ്ടിയിരിക്കുന്നു. ഇത് അൽ വസിയ്യത്ത് എന്ന ഗ്രന്ഥത്തിൽ അദ്ദേഹം സവിസ്തരം പ്രതിപാ ദിച്ചിട്ടുള്ള ഖിലാഫത്തിന്റെ നിസാമാണ്. മസീഹ് മൗഊദ് عليه السلام നെ അംഗീകരിക്കുന്ന ഒരു വ്യക്തി, അദ്ദേഹത്തിന് ശേഷം വരുന്ന ഖുദ്റത്തിനെ നിഷേധിക്കുകയാണെങ്കിൽ, എല്ലാ നല്ല കാര്യങ്ങ ളിലും അനുസരണം പുലർത്തും എന്നതിനെ അവഗണിക്കുക യാണെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام മിനോട് മറ്റു സേവ കഭാവങ്ങളിൽ കാണാത്ത സാഹോദര്യബന്ധം മുറിക്കുന്നവനാ യിത്തീരുന്നതാണ്. വാഗ്ദത്ത മസീഹുമായി ബന്ധപ്പെട്ടുകൊണ്ട് ജീവിക്കുന്നതുമൂലം ലഭിക്കുന്ന എല്ലാ അനുഗ്രഹങ്ങളിൽ നിന്നും ആ വ്യക്തി അകറ്റപ്പെടുകയും ചെയ്യുന്നതാണ്.

ഗൈറ് മുബയിഈന്റെ ഉദാഹരണം നമ്മുടെ മുമ്പിലുണ്ട്. അത് വളരെ വ്യക്തമായ ഒരുദാഹരണമാണ്. അവർ മസീഹ് മൗഊദിനെ വിശ്വസിച്ചു എന്നത് തികച്ചും സത്യമാണ്. ബൈഅത്ത് ചെയ്തു എന്ന വാദമെങ്കിലും ഉന്നയിച്ചിട്ടുണ്ട്. എന്നാൽ ഖിലാഫത്തിനെയും ഇതേ ഖുദ്റത്തിന്റെ തുടർച്ചയായി മനസ്സിലാക്കണമെന്ന ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ അധ്യാപനത്തെ തങ്ങളുടെ സ്വാർഥ താൽപര്യ സംരക്ഷണത്തിനായി അവർ മറന്നു കളഞ്ഞു. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നെ വിശ്വസിക്കുകയും അതിനുശേഷം രണ്ടാം ഖുദ്റത്തിനെ അംഗീകരിച്ചുകൊണ്ട് മസീഹ് മൗഊദ് عليه السلام മുമായുള്ള ബന്ധത്തെ നിലനിറുത്താൻ ശ്രമിക്കുകയും ചെയ്ത നാം ഭാഗ്യവാന്മാരാണ്. എന്നാൽ ഒരഹ്മദിക്ക് ഇഹ്ദിനസ്വിറാത്തൽ മുസ്തഖീം എന്നതിന്റെ പൂർണ്ണത ഇതിലല്ല ഉള്ളത്. എപ്പോഴും നാം ഒരാത്മ പരിശോധന നടത്തിക്കൊണ്ടിരിക്കേണ്ടതാണ്. മുന്നോട്ടുള്ള നിരന്തരഗമനമാണ് اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ

ആവശ്യപ്പെടുന്നത്. എപ്പോഴും ഹിദായത്തിന്റെ മാർഗം അന്വേഷിച്ചുകൊണ്ട് ഇതിൽ സ്ഥിരചിത്തത ലഭിക്കാനായി പ്രാർത്ഥിക്കുക എന്നത് തന്നെയാണ് ഒരു വിശ്വാസിയുടെ അന്തസ്സ്. ആത്മീയതയുടെ ഉത്തുങ്കശ്രേണിയിൽ എത്താത്ത ഒരു സാധാരണക്കാരന് എപ്പോഴും ശൈത്താനുമായി യുദ്ധം ചെയ്തുകൊണ്ടിരിക്കേണ്ടിവരും. മറ്റൊരുവിധത്തിൽ പറഞ്ഞാൽ നന്മകൾ ചെയ്തുകൊണ്ടിരുന്നിട്ടും ശൈത്താൻ അവനെ വഴിതെറ്റിക്കാനായി അവന്റെ പിന്നിൽ കൂടുന്നു. മസീഹ് മൗഊദ് عليه السلام നെ അംഗീകരിച്ചിട്ടുകൂടി, ഖിലാഫത്തിനോട് കൂറ് പുലർത്തിയിട്ടും സാമ്പത്തിക കാര്യങ്ങളിൽ പങ്കാളികളായിരുന്നിട്ടും ജമാഅത്തീ സേവനങ്ങൾ ചെയ്തു കൊണ്ടിരുന്നിട്ടും വഖാറെ അമലിൽ പങ്കാളികളായിരുന്നിട്ടും പലരും എന്നോട് നേരിട്ട് പറഞ്ഞ കാര്യം ഞങ്ങൾ നമസ്ക്കാരത്തിൽ അലസരാണെന്നാണ്. നമസ്ക്കാരം എന്നത് മനുഷ്യസൃഷ്ടിപ്പിന്റെ തന്നെ കാതലായ വശമാണ്. അതിൽ അലസതയുണ്ടെങ്കിൽ അത് പതുക്കെപ്പതുക്കെ മറ്റു നന്മകളെയും കയ്യൊഴിപ്പിക്കുന്നതാണ്. ചിലർ പല നന്മകളും ചെയ്യുന്നവരുണ്ടാകും. നമസ്ക്കാരവുമനുഷ്ടിക്കും. എന്നാൽ അവർ തങ്ങളുടെ വീട്ടിൽ തന്റെ ഭാര്യയോട് നല്ല രീതിയിൽ പെരുമാറുന്നുണ്ടാവില്ല. ഹിദായത്തിന്റെ മാർഗത്തിൽ നിന്നും വ്യതിചരിക്കുന്നവരാണ് ഇവരും. اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ എന്ന് അവർ ദുആ ചെയ്യുന്നുണ്ടാകും. എന്നാൽ എല്ലാ കൽപനകളുമനുസരിച്ച് പ്രവർത്തിക്കുന്നവരല്ല. കാരണം നബി ﷺ അരുളിയിട്ടുണ്ട്: "നിങ്ങളിൽ ഏറ്റവും ഉത്തമൻ നിങ്ങളുടെ കുടുംബത്തോട് ഉത്തമ രീതിയിൽ വർത്തിക്കുന്നവനാണ്." അതുകൊണ്ട് ഹിദായത്തിന്റെ മാർഗ്ഗം അന്വേഷിക്കുന്നവർ ചെറിയ ചെറിയ കാര്യങ്ങൾ പോലും ശ്രദ്ധിച്ചുകൊണ്ട്, ഒരു വിശ്വാസിക്ക് തിരുനബിയോടുള്ള സ്നേഹം മുൻനിർത്തിക്കൊണ്ട് അല്ലാഹുവും അല്ലാഹുവിന്റെ റസൂലും നമ്മെ കൊണ്ടുപോകാൻ ഉദ്ദേശിക്കുന്ന എല്ലാ മാർഗ്ഗങ്ങളും അവലംബിക്കാൻ ശ്രമിക്കുന്നതായിരിക്കും. اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ എന്ന് നാം ദുആ ചെയ്യുമ്പോൾ തിരുനബി ﷺ സമർപ്പിച്ച ടാർഗറ്റും പവിത്ര മാതൃകയും നമ്മുടെ മുമ്പിൽ ഉണ്ടാകേണ്ടതാണ്. അവ നബി ﷺ യിൽ നിന്ന് അനുഗ്രഹങ്ങൾ കരസ്ഥമാക്കിയ സഹാബത്ത് നമ്മുടെ മുമ്പാകെ സമർപ്പിച്ചുകൊണ്ട് അനുഗ്രഹത്തിന് പാത്രമായവരുടെ മാതൃക കാണിച്ചുതരികയുണ്ടായി. ആ പ്രവർത്തനങ്ങൾ ഇക്കാലത്ത് വാക്കിലും പ്രവർത്തിയിലും ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നമ്മുടെ മുമ്പാകെ പ്രദർശിപ്പിച്ചുകൊണ്ട് അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് പോകേണ്ട വഴികൾ നമുക്ക് കാണിച്ചുതരികയുണ്ടായി. ഈ മാതൃക സ്വായത്തമാക്കിക്കൊണ്ട് മസീഹ് മൗഊദ് عليه السلام ന്റെ സഹാബാക്കൾ തങ്ങളുടെ ജീവിതത്തിൽ പവിത്രമായ മാറ്റം വരുത്തി ആത്മീയതയുടെ ഉന്നത പദവി കരസ്ഥമാക്കുകയുണ്ടായി. മസീഹ് മൗഊദ് عليه السلام തന്റെ സഹാബാക്കൾക്ക് ഭാര്യമാരോടും വീട്ടുകാരോടും ഏതുരീതിയിലാണ് പെരുമാറാൻ ഉപദേശിച്ചിരുന്നത് എന്ന് നമുക്ക് നോക്കാം. ഒരിക്കൽ ഒരു സഹാബി മസീഹ് മൗഊദ് عليه السلام ന്റെ സവിധത്തിൽ വന്നുകൊണ്ട് പറഞ്ഞു. "എന്റെ ഭാര്യ ഇത്രയും കാലം അവളുടെ വീട്ടിൽ താമസിച്ചതിനു ശേഷം ഇപ്പോഴാണ് വന്നത്. ഇനി ഞാൻ അവളുടെ വീട്ടിലേക്ക് പോകാൻ അനുവാദം നൽകില്ല എന്ന് തീരുമാനിച്ചിരിക്കുന്നു." മസീഹ് മൗഊദ് عليه السلام ന് ഈ വാക്കുകൾ കേട്ട് വല്ലാത്ത മനഃപ്രയാസമായി, മുഖം ചുവന്നു. എന്നിട്ട് പറഞ്ഞു. "എന്റെ സദസ്സിൽ നിന്ന് എഴുന്നേറ്റ് പോകുക. ഈ സദസ്സിനെ ഈ വാക്കുകൾ അശുദ്ധമാക്കുകയാണ്." വളരെ ശക്തിയിൽ പ്രതികരിച്ചതു കണ്ടപ്പോൾ ആ സഹാബി മാപ്പു ചോദിച്ചു. മറ്റൊരു സഹാബി അവിടെ ഇരിപ്പുണ്ടായിരുന്നു. അദ്ദേഹവും തന്റെ ഭാര്യയോട് നല്ല രീതിയിലല്ല വർത്തിച്ചിരുന്നത്. അദ്ദേഹം ഈ രംഗം കണ്ടപ്പോൾ അവിടെ നിന്ന് എഴുന്നേറ്റ് അങ്ങാടിയിൽ പോയി ഭാര്യക്ക് വേണ്ടി കുറച്ച് സാധനങ്ങളെല്ലാം വാങ്ങി വീട്ടിൽ കൊണ്ടുപോയി കൊടുത്തു. എന്നിട്ട് പറഞ്ഞു. "ഇത് നിനക്കുള്ള സമ്മാനമാണ്." വളരെ സ്നേഹത്തോടെ സംസാരിക്കുകയും ചെയ്തു. ഇത്കണ്ട് ഭാര്യ അന്തംവിട്ട് നിന്നു. "ഇന്ന് എന്റെ ഭർത്താവിന്ന് എന്ത് പറ്റി. ഇത്ര വലിയ വിപ്ലവം അദ്ദേഹത്തിൽ എങ്ങിനെയുണ്ടായി."അവൾ ധൈര്യപ്പെട്ടുകൊണ്ട് ചോദിച്ചു. "നിങ്ങൾക്കെന്തു പറ്റി?" അദ്ദേഹം പറഞ്ഞു. "മസീഹ് മൗഊദ് عليه السلام ന്റെ സദസ്സിൽ ഭാര്യയോട് മോശമായി പെരുമാറിയതിനെക്കുറിച്ച് പറയപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ കോപവും അനിഷ്ടവും ഞാൻ കണ്ടിരിക്കുന്നു. ഞാൻ ഇതു വരെ നിന്നോട് ചെയ്ത തെറ്റുകൾ അല്ലാഹു പൊറുത്തുതരട്ടെ. നീയും എനിക്ക് പൊറുത്തു തരിക. ഇനി ഞാൻ നല്ല രീതിയിൽ വർത്തിക്കുന്നതാണ്."

യഥാർത്ഥത്തിൽ ഈ മാറ്റങ്ങളാണ് ഹിദായത്തിന്റെ മാർഗ്ഗത്തിലേക്ക് നമ്മെ കൊണ്ടുപോകുന്നത്. വീടുകളിൽ നിന്ന് തുടങ്ങി നമ്മുടെ ചുറ്റുപാടും അത് വ്യാപിക്കുന്നു. അങ്ങിനെ അത് ലോകത്ത് വ്യാപിക്കുന്നു. ഈ രീതിയിലുള്ള പരിവർത്തനം ഉണ്ടാക്കുമെന്ന ഉടമ്പടിയാണ് ബൈഅത്തിലൂടെ ഒരഹ്മദി ഹദ്റത്ത് മസീഹ് മൗഊദ് عليه السلام മുമായി ചെയ്തിരിക്കുന്നത്. അല്ലാഹുവിന്റെ സാമിപ്യത്തിന്റെ വഴികൾ ഇതുമുഖേനയാണ് തുറക്കപ്പെടുക. അല്ലാഹു അയച്ച ഒരാളെ അംഗീകരിക്കുകയോ നിസാമുമായി തങ്ങളെ ബന്ധിക്കുക മാത്രമല്ല ഹിദായത്ത്, മറിച്ച് തങ്ങളുടെ ജീവിതത്തെ അതിന്റെ അധ്യാപനമനുസരിച്ച് ക്രമപ്പെടുത്തുകയും അതിന്നായി തങ്ങളെ സമർപ്പിക്കുകയും ചെയ്യുക എന്നതുമാണ്.

ചുരുക്കത്തിൽ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ എന്ന ദുആ സൃഷ്ടാവിനോടുള്ള കടമ പാലിക്കുകയും നമ്മുടെ വിശ്വാസം ദൃഢപ്പെടുത്തുകയും ചെയ്യുക എന്ന് മാത്രമല്ല അതുകൊണ്ട് ഉദ്ദേശിക്കുന്നത്, മറിച്ച് സൃഷ്ടികളോടുള്ള കടമ നിർവ്വഹണവും ഇതിൽ ഉൾക്കൊള്ളുന്നുണ്ട്. മസീഹ് മൗഊദ് عليه السلام പറഞ്ഞിട്ടുള്ളത് നിങ്ങളുടെ ജീവിതത്തിന്റെ എല്ലാ മേഖലകൾക്ക് വേണ്ടിയുമുള്ള ദുആയാണിതെന്നാണ്. ഇവിടെ ഇരിക്കുന്ന നിങ്ങളിൽ ചിലരെക്കുറിച്ച് എനിക്ക് നേരിട്ടറിയാവുന്നത് അവർ തങ്ങളുടെ ഭാര്യമാരോട് അതിക്രമം പ്രവർത്തിക്കുന്നവരാണെന്നാണ്. എന്നാൽ ചിലരെക്കുറിച്ച് എനിക്കറിയില്ല. പുറത്ത് അവർ നല്ലവരാണ്. ജനസമക്ഷം അവർ മാന്യന്മാരും ഹിദായത്തിന്റെ മാർഗ്ഗത്തിൽ ചലിക്കുന്നവരുമാണ്. എന്നാൽ തങ്ങളുടെ കുടുംബവുമായുള്ള ബന്ധത്തിൽ സിറാത്തമുസ്തഖീമിൽ നിന്നും അകന്നവരാണ്. തങ്ങളുടെ ഭാര്യയോട് നല്ല രീതിയിൽ വർത്തിക്കുക എന്നത് ചെറിയ കാര്യമല്ല. നിങ്ങളിൽ ഉത്തമൻ നിങ്ങളുടെ ഭാര്യമാരോട് ഉത്തമരീതിയിൽ വർത്തിക്കുന്നവനാണെന്ന് പറഞ്ഞുകൊണ്ട് അവസാനം തന്റെ മാതൃക കൂടി എടുത്ത് പറഞ്ഞുകയും അതിന് തന്റെ ഉദാഹരണം സമർപ്പിക്കുകയും ചെയ്തു. എന്നിട്ട് പറഞ്ഞത് എന്റെ ഭാര്യമാരോട് ഏറ്റവും നല്ല രീതിയിൽ വർത്തിക്കുന്നവൻ ഞാനാണെന്നാണ്. ഇത് നിസ്സാര കാര്യമല്ല. ഈ പ്രവർത്തനത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിന് വേണ്ടിയാണ് തിരുനബി ﷺ തന്റെ ഉദാഹരണം സമർപ്പിച്ചത്. അതിനാൽ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ എന്ന പ്രാർത്ഥന എല്ലാ പ്രവർത്തനവും മുമ്പിൽ കണ്ടുകൊണ്ട് ഒരു വിശ്വാസി ചെയ്യേണ്ടതാണ്. അപ്പോൾ മാത്രമേ നന്മയുടെ നിലവാരം ഉയർന്നുകൊണ്ടു പോകുകയുള്ളൂ. മരണം വന്നാൽ പൂർണ്ണ സമർപ്പണത്തിന്റെ മരണമായിരിക്കട്ടെ.

അതുകൊണ്ട് ഒരു യഥാർത്ഥ വിശ്വാസി എന്ന് പറഞ്ഞാൽ

കാലഘട്ടത്തിന്റെ ഇമാമിനെ വിശ്വസിച്ചുകൊണ്ട് തന്റെ നന്മയുടെ നിലവാരത്തെ ഉയർത്തുവാൻ നിരന്തരമായി പരിശ്രമിക്കുന്നവനായിരിക്കും. തന്റെ വിശ്വാസത്തിൽ വർദ്ധനവ് വരുത്താൻ വേണ്ടി എപ്പോഴും അവൻ പരിശ്രമിക്കുന്നതാണ്. അല്ലാഹുവിനോട് ഇപ്രകാരം പ്രാർത്ഥിക്കുക. അല്ലാഹുവേ ഏതൊരു സിറാത്തെ മുസ്തഖീമിൽ നീ എന്നെ നിലനിറുത്തിയോ ഇതിൽ പുരോഗതിയിലേക്ക് പദമൂന്നാൻ എന്നെ നീ സഹായിക്കേണമേ. തഖ്‌വയിൽ മുന്നേറാൻ എപ്പോഴും പരിശ്രമിക്കുന്നവനായി എന്നെ മാറ്റേണമേ. തഖ്‌വയിൽ മുന്നേറുന്നവൻ ദൈവ ഭയത്താൽ എപ്പോഴും വിറകൊള്ളുന്നവനായിരിക്കും. ആരുടെ ഹൃദയത്തിലാണോ അല്ലാഹുവിന്റെ ഭയം അങ്കുരിക്കുന്നത് അവൻ സൃഷ്ടാവിനോടുള്ള കടമാ പാലനത്തിന് പരിശ്രമിക്കുകയും അതിന്നായി പ്രാർത്ഥിക്കുകയും ചെയ്യുന്നതാണ്. അതേപോലെ സൃഷ്ടികളോടുള്ള കടമാപാലനത്തിന് പരിശ്രമിക്കുകയും ചെയ്യുന്നതാണ്. അല്ലാഹുവിനോട് സിറാത്തെ മുസ്തഖീമിൽ നിലനിറുത്തേണമേ എന്ന് പ്രാർത്ഥിക്കുന്ന ഒരോരുത്തരും ദീനീ സേവന രംഗത്തും നിത്യവും മുന്നേറുന്നവരായിരിക്കും. നിസ്വാർത്ഥമായി ദീനിസേവനം ചെയ്യുന്നവരായിരിക്കും. അതോടൊപ്പം അല്ലാഹുവും അവൻ പറഞ്ഞ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനായി വെക്കുന്ന ഓരോ കാൽവെപ്പും തന്നെ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനായിരിക്കും വെക്കുന്നത്. അതുകൊണ്ട് ഒരു യഥാർത്ഥ വിശ്വാസി സ്വയം സാത്വികനും പരിശുദ്ധനുമാണെന്ന് ധരിക്കുന്നവനെപ്പോലെയാകരുത്. താൻ വലിയ സ്ഥാനത്ത് എത്തിക്കഴിഞ്ഞെന്ന് ധരിക്കുന്നവർ തനിക്ക് സ്ഥായിയായ സ്ഥാനം കരഗതമായിരിക്കുന്നു എന്ന തെറ്റിദ്ധാരണയിലാണ്. അവർക്ക് ലഭിച്ച സ്ഥാനം സുരക്ഷിതമാണെന്ന് അവർ കരുതുന്നു. മനുഷ്യന് ഇങ്ങിനെ ഒരു ചിന്ത തന്നെ എപ്പോഴെങ്കിലും വന്നാൽ അവർ എത്ര തന്നെ സാത്വികരായാലും ശരി അവർ ആത്മീയമായി നാശമടഞ്ഞവരാണെന്ന് മനസ്സിലാക്കുക. ശൈത്വാന്റെ പിടിയിലാണ് അവർ അമർന്നതെന്ന് മനസ്സിലാക്കുക. അതുകൊണ്ട് എപ്പോഴും തങ്ങളുടെ ആത്മപരിശോധന നടത്തുകയും അടുത്ത പദവിയിലേക്ക് ഗമിക്കുകയും ചെയ്യുക എന്നതാണ് ഒരു വിശ്വാസിയുടെ കടമ. ലഭിക്കേണ്ട സ്ഥാനം ലഭിച്ചിരിക്കുന്നു എന്ന് മനക്കണക്ക് കൂട്ടുന്നവർ, ജമാഅത്തിന് വേണ്ടി അൽപം സേവനം ചെയ്തുകൊണ്ട് അതിൽ അഹങ്കരിക്കുകയാണെങ്കിൽ, ജമാഅത്തിന് ചെയ്ത സേവനങ്ങളും തന്റെ ആരാധനകളും മതിയായതാണെന്ന് കരുതി സൃഷ്ടിസേവനത്തിൽ നിന്നും മുഖംതിരിക്കുകയാണങ്കിൽ ഈ വ്യക്തി ഏതെങ്കിലും ഉയർന്ന സ്ഥാനത്ത് ശരിക്കും എത്തിയിട്ടുണ്ടെങ്കിൽ പോലും മുകളിൽ പറഞ്ഞ ചിന്ത കാരണം ഇദ്ദേഹത്തിൽ നിന്ന് ആ സ്ഥാനമെല്ലാം ഇല്ലാതെയായിത്തീരുന്നതാണ്. അതുകൊണ്ട് യഥാർത്ഥ വിശ്വാസി ഇന്ന് ചെയ്യുന്ന സൽപ്രവർത്തനങ്ങളെക്കുറിച്ച് മാത്രമല്ല ചിന്തിക്കുക. തന്റെ പര്യവസാനം ഏതു രീതിയിലായിരിക്കും എന്നുകൂടി ചിന്തിക്കുന്നതാണ്. പര്യവസാനം നന്നായിത്തീരുന്നതിൽ അവൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കും.

നബി ﷺ യെക്കാളും കൂടുതൽ വിശുദ്ധീകരിക്കുന്ന ശക്തി മറ്റാർക്കും ഈ ലോകത്ത് ഉണ്ടാകുന്നതല്ല. നബി ﷺ യുടെ വഹ്‌യ് എഴുതുന്ന ആൾ തിരുനബിയുടെ സാമിപ്യം കരസ്ഥമാക്കിയ വ്യക്തിയായിരുന്നു. വഹ്‌യ് എഴുതാൻ തിരുനബി ﷺ എപ്പോഴും അദ്ദേഹത്തെ ആശ്രയിച്ചിരുന്നു. ഈ സ്ഥാനം വ്യക്തമാക്കുന്നത് തിരുനബിക്ക് അദ്ദേഹത്തിൽ വിശ്വാസമുണ്ടായിരുന്നു എന്നാണ്. അബ്ദുല്ലാഹിബ്ന് ഉബയ്യ് എന്ന വഹ്‌യ് എഴുതുന്ന വ്യക്തിയെക്കുറിച്ച് വലിയ ആദരവ് മറ്റുള്ളവരുടെ മനസ്സിലും തീർച്ചയായും ഉണ്ടായിരുന്നു. കാരണം ഇദ്ദേഹം തിരുനബി ﷺ യുടെ വഹ്‌യ് എഴുതുന്ന ആളാണ്. എന്നാൽ ആ വ്യക്തിയുടെ പര്യവസാനം എന്തായി. അയാൾക്ക് മാർഗ്ഗഭ്രംശം സംഭവിക്കുകയും തനിക്ക് ലഭിച്ച സ്ഥാനത്ത് നിന്ന് നിഷ്കാശിതനാവുകയും ചെയ്തു. ഇതേപോലെ മസീഹ് മൗഊദ് عَلَيْهِ السَّلَام ന്റെ കാലത്ത് അദ്ദേഹത്തോടുള്ള സ്നേഹത്തിൽ വളരെയധികം മുൻകടന്നവരുണ്ടായിരുന്നു. എന്നാൽ അവരുടെ ദൗർഭാഗ്യം അവരെ വഴികേടിലാക്കിയപ്പോൾ അവർക്ക് മാർഗ്ഗഭ്രംശം സംഭവിക്കുകയും വാഗ്ദത്ത മസീഹിന്റെ കൊടിയ ശത്രുക്കളിൽ ഉൾപ്പെടുകയും ചെയ്തു. ആ മഹാത്മാവിന്നെതിരിൽ തരം താണതും നീചവുമായ ആക്ഷേപങ്ങൾ ഉന്നയിക്കുന്നവരുമായി മാറി. നിത്യവും പുതിയ പുതിയ ആക്ഷേപങ്ങൾ അവർ ഉന്നയിച്ചു കൊണ്ടിരുന്നു. അതിനാൽ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ എന്ന പ്രാർത്ഥന പര്യവസാനം നന്നാക്കുന്നതിന്നായി അനിവാര്യമാണ്. ഇതിനെക്കുറിച്ച് ചിന്തിക്കുകയും ഇത് ചൊല്ലുകയും ചെയ്യുക.

മസീഹ് മൗഊദ് عَلَيْهِ السَّلَام ഒരു സ്ഥലത്ത് പറയുന്നു.“മനുഷ്യജീവിതത്തിന്റെ ഉദ്ദേശ്യവും ലക്ഷ്യവും സിറാത്തൽ മുസ്തഖീമിൽ ചരിക്കുക എന്നതും അത് തേടലുമാണ്. അത് അവതരിച്ചിരിക്കുന്നത് اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ എന്ന വാക്കുകളിലാണ്. അല്ലാഹുവേ നീ ഞങ്ങൾക്ക് നേരായ മാർഗ്ഗം കാട്ടിത്തരേണമേ. നിന്റെ അനുഗ്രഹം ലഭിച്ചവരുടെ മാർഗ്ഗം. ഈ പ്രാർത്ഥന എല്ലാ സമയത്തെ നമസ്ക്കാരത്തിലും എല്ലാ റകഅത്തിലും ചെയ്തുകൊണ്ടിരിക്കുന്നതാണ്. ഇതിന്റെ അടിക്കടിയുള്ള ആവർത്തനം തന്നെ ഇതിന്റെ പ്രാധാന്യത്തെ വെളിപ്പെടുത്തുന്നതാണ്. നമ്മുടെ ജമാഅത്ത് ഓർമ്മവെക്കുക. ഇത് നിസ്സാരമായ കാര്യമല്ല. തത്തയെപ്പോലെ ഈ വാക്കുകൾ നാവുകൊണ്ട് ഉരുവിടുക എന്നതല്ല യഥാർത്ഥ ലക്ഷ്യം. ഇത് മനുഷ്യനെ പരിപൂർണ്ണ മനുഷ്യനാക്കാനുള്ള ഉത്തമ മരുന്നും, ഒരിക്കലും പിഴച്ചു പോകാത്ത കുറിപ്പടിയുമാണ്. അതിനെ എപ്പോഴും കൺമുമ്പിൽ വെക്കേണ്ടതാണ്. എപ്പോഴും മന്ത്രം പോലെ ജപിച്ചുകൊണ്ടിരിക്കുകയും ചെയ്യുക.

ഈ ദുആ മുഖേന സൃഷ്ടികളോടുള്ള കടമ നിറവേറ്റാൻ കഴിയുന്നതോടൊപ്പം മനുഷ്യന്റെ കഴിവുകളെ പരിപോഷിപ്പിക്കാനും സാധിക്കുന്നതാണ്. പറയുന്നു. “ചുരുക്കത്തിൽ ഓരോ മനുഷ്യന്റെയും യഥാർത്ഥ ലക്ഷ്യം അല്ലാഹു അനുഗ്രഹിച്ചവരിലുള്ള ശ്രേഷ്ഠതകളും സിറാത്തൽ മുസ്തഖീം എന്നതിൽ അല്ലാഹു സൂചന നൽകിയ കഴിവുകളും കരസ്ഥമാക്കുക എന്നതാണ്. നമ്മുടെ ജമാഅത്തിലുള്ളവർ ഇക്കാര്യത്തിലേക്ക് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അല്ലാഹു ഈ ജമാഅത്ത് സ്ഥാപിച്ചുകൊണ്ട് ഉദ്ദേശിച്ചിരിക്കുന്നത് തിരുനബി ﷺ ഉണ്ടാക്കിയതുപോലുള്ള ഒരു ജമാഅത്തിനെ വാർത്തെടുക്കുക എന്നതാണ്. ഈ അവസാന കാലത്ത് ഖുർആന്റെയും തിരുനബി ﷺ യുടെയും സത്യത്തിന്റെയും മഹത്വത്തിന്റെയും സാക്ഷികളായി ഈ ജമാഅത്ത് മാറുന്നതിന്നായാണ്. ജമാഅത്തിൽ ഉൾപ്പെടാൻ കഴിയുക എന്നത് വലിയ സ്ഥാനമാണെങ്കിലും ഓരോ വ്യക്തിയിലും ഇത് വലിയ ഉത്തരവാദിത്വമാണ് അർപ്പിക്കുന്നത്. ഖുർആന്റെയും നബി ﷺ യുടെയും സത്യത്തിന്റെയും മഹത്വത്തിന്റെയും സാക്ഷികളായി ഓരോ അഹ്‌മദിയും മാറേണ്ടതാണ്. ഓരോ അഹ്‌മദിയും വിശുദ്ധ ഖുർആന്റെയും തിരുനബി ﷺ യുടേയും സത്യത്തിന്റെ സാക്ഷികളായിത്തീരുന്നത് اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ എന്ന പ്രാർത്ഥന ചെയ്തുകൊണ്ട് പുരോഗതിയുടെ പടവുകൾ കയറുമ്പോഴാണ്. അനുഗ്രഹിക്കപ്പെട്ടവരുടെ പദവി കരസ്ഥമാക്കിക്കൊണ്ടിരിക്കുമ്പോഴാണ്. വിശുദ്ധ ഖുർആന്റെ അദ്ധ്യാപനത്തെ തന്റെ ജീവിത

ത്തിന്റെ ഭാഗമാക്കി മാറ്റുമ്പോഴാണ്. തിരുനബി ﷺ യുടെ മാതൃകയനുസരിച്ച് ജീവിക്കാൻ ശ്രമിക്കുമ്പോഴാണ്. അതിനാൽ ഈ സ്ഥാനം കരസ്ഥമാക്കാൻ നാം പരിശ്രമിക്കേണ്ടതാണ്. നാം ഇതിന്നായി പരിശ്രമിക്കുമ്പോൾ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ എന്ന വിഷയം ശരിക്കും ഗ്രഹിക്കുന്നവരായി നാം മാറുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ആഗമനലക്ഷ്യം പൂർത്തിയാക്കുന്നവരായി നാം മാറുന്നതാണ്. അല്ലെങ്കിൽ മസീഹ് മൗഊദ് عليه السلام പറഞ്ഞതുപോലെ ഈ പ്രാർത്ഥനയും തത്ത ഉരുവിടുന്നതു പോലെ വെറും ശബ്ദങ്ങളായി അവശേഷിക്കുന്നതാണ്.

ഒരു സ്ഥലത്ത് ഉപദേശിച്ചുകൊണ്ട് ഹ: മസീഹ് മൗഊദ് عليه السلام പറയുന്നു. "അല്ലാഹുവുമായുള്ള ബന്ധത്തിൽ അൽപമെങ്കിലും മായം കലർത്തിയിട്ടുണ്ടെങ്കിൽ തിരിച്ചും അതെ പ്രതികരണം ഉണ്ടാകുന്നതാണ്. (അല്ലാഹു മായം ചേർക്കുമെന്നല്ല പറഞ്ഞത്. നിങ്ങൾ മായം ചേർത്തുകൊണ്ട് അല്ലാഹുവിനെ വഞ്ചിക്കാൻ ശ്രമിച്ചാൽ നിങ്ങളുടെ പ്രവർത്തനത്തിന് പ്രതിഫലം ലഭിക്കില്ല. അല്ലാഹു എല്ലാ കാര്യങ്ങളും അറിയുന്നവനാണ്.) എന്നാൽ അല്ലാഹുവുമായുള്ള ഇടപാട് ശരിയാക്കുകയും അല്ലാഹുവുമായുള്ള ബന്ധത്തിൽ ന്യൂനതകളൊന്നും ഇല്ലെന്നും കണ്ടാൽ അല്ലാഹു അവരോട് ഈ വ്യത്യാസം കൽപ്പിക്കുന്നതല്ല. മനുഷ്യന്റെ ഹൃദയം സ്വയം അവന് ഒരു കണ്ണാടിയാണ്. ഇതിൽ അവന് സർവ്വതും ദർശിക്കാൻ സാധിക്കുന്നതാണ്. ദുഃഖത്തിൽ നിന്നും രക്ഷ പ്രാപിക്കാനുള്ള യഥാർത്ഥ വഴി ശരിയാം വണ്ണം തന്റെ തെറ്റുകുറ്റങ്ങൾ പൊറുത്തുതരാൻ വേണ്ടി അർത്ഥിക്കുക എന്നതാണ്. ആത്മാർഥതയും കൂറും കാണിക്കുകയും ചെയ്യുക. നിങ്ങൾ സ്വീകരിച്ചിരിക്കുന്ന ബൈഅത്തിന്റെ ഈ മാർഗത്തെ മറ്റെല്ലാ മാർഗ്ഗത്തെക്കാളും മുൻഗണന നൽകുക. കാരണം ഇതിനെക്കുറിച്ച് നിങ്ങൾ ചോദിക്കപ്പെടുന്നതായിരിക്കും." എപ്പോഴും ആത്മ പരിശോധന നടത്തേണ്ടത് അനിവാര്യമാണ്. ലോകത്ത് കോടിക്കണക്കിന് മുസ്‌ലിംകളുണ്ട്. اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ എന്ന പ്രാർത്ഥന അവർ ചൊല്ലുന്നുണ്ട്. തത്ത ഉരുവിടുന്നതുപോലെ ഉരുവിടുന്നതുകൊണ്ട് നമസ്ക്കാരത്തിന് ശേഷം ഫിത്നയും ഫസാദും ചെയ്യുന്നതിലേക്കാണ് അവരുടെ ശ്രദ്ധ പോകുന്നത്. ജമാഅത്തിന്നെതിരിൽ അവരുടെ വായിൽ നിന്ന് അസഭ്യങ്ങൾ മാത്രമാണ് പുറപ്പെടുന്നത്. മസ്ജിദുകളിൽ നിന്നുകൊണ്ട് അസഭ്യം പുലമ്പുന്നു. അതുമല്ലെങ്കിൽ പരസ്പരമുള്ള ഫിത്നകളിൽ അവർ അകപ്പെട്ടിരിക്കുകയാണ്. അവരുടെ ഈ പ്രവർത്തനമാണോ ഇവർക്ക് പഠിപ്പിച്ചുകൊടുത്ത സിറാത്തൽ മുസ്തഖീം എന്ന മാർഗം. അല്ലെ അല്ല. നമ്മുടെ മുമ്പിലുള്ള സിറാത്തെ മുസ്തഖീം എന്ന മാർഗം മൃഗ സ്വഭാവത്തിൽ നിന്നും കരകയറ്റി മനുഷ്യനാക്കിത്തീർക്കുന്നതും വിദ്യാസമ്പന്നനായ മനുഷ്യനെ ദൈവിക മനുഷ്യനാക്കിത്തീർക്കുന്നതുമാണ്. ഈ മാതൃക നമ്മുടെ മുമ്പാകെ ഏതൊ കഥയുടെ രൂപത്തിലല്ല ഉള്ളത്. നാം ഇവിടെ വന്ന് കുറച്ച് കഥ കേട്ട് എല്ലാം ആയി എന്ന അർത്ഥത്തിലല്ല. ഈ മാതൃകകളെല്ലാം പ്രാവർത്തികമാക്കാൻ പ്രേരണ ലഭിക്കുന്നതിന് വേണ്ടിയാണ്. ഇക്കാര്യങ്ങൾ പ്രാവർത്തികമാക്കാനാണ് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ഇക്കാലത്ത് നമ്മോട് ബൈഅത്ത് വാങ്ങിയിരിക്കുന്നത്. ഈ ഒരു വികാരത്തെ നിലനിറുത്തിക്കൊണ്ട് വിശുദ്ധ ഖുർആന്റെ അധ്യാപനമനുസരിച്ച് പ്രവർത്തിച്ചാൽ മാത്രമേ ബൈഅത്തിന്റെ മാർഗത്തെ മുന്തിക്കാൻ കഴിയുകയുള്ളൂ. അതല്ലാതെ നാം കോടിക്കണക്കിന് തവണ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ എന്ന പ്രാർത്ഥന ആവർത്തിച്ചു എന്നത്കൊണ്ട് അല്ലാഹു തൃപ്തനാകുകയില്ല. ഇതിനുവേണ്ടിയുള്ള പ്രവർത്തനവും അല്ലാഹുവിനോട് സിറാത്തെ മുസ്തഖീമിൽ നിലനിർത്താനും അത് ലഭിക്കാനും ചെയ്യുന്ന ഹൃദയാന്തരാളങ്ങളിൽ നിന്നും നിർഗമിക്കുന്ന പ്രാർത്ഥനകളും അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നതിന് കാരണമായിത്തീരുന്നതാണ്. അതല്ലാതെ മസീഹ് മൗഊദ് عليه السلام പറഞ്ഞതുപോലെ നിങ്ങൾ ചോദിക്കപ്പെടുന്നതാണ്. നിങ്ങളുടെ വാദത്തിന്നെതിരായിരിക്കും നിങ്ങളുടെ പ്രവർത്തനം. അതിനാൽ ഓരോ പ്രാർത്ഥനയോടൊപ്പവും പരിശ്രമവും സദുദ്ദേശ്യവും നിർബന്ധമാണ്.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ഒരു സ്ഥലത്ത് പറയുന്നു. "അല്ലാഹു പറയുന്നു. وَالَّذِيۡنَ جَاهَدُوۡا فِيۡنَا لَنَهۡدِيَنَّهُمۡ سُبُلَنَا നമ്മുടെ മാർഗ്ഗത്തിൽ മുജാഹദ (കഠിന പ്രയത്നം) ചെയ്യുന്നവർക്ക് നാം നമ്മുടെ മാർഗ്ഗം കാണിച്ചുകൊടുക്കുന്നതാണ്. ഇത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. മറുഭാഗത്ത് ഒരു പ്രാർത്ഥനയും പഠിപ്പിക്കുന്നു. اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ അതുകൊണ്ട് ഇതിനെ മുന്നിൽ കണ്ട്കൊണ്ട് നമസ്ക്കാരത്തിൽ ഉള്ളുരുകി പ്രാർത്ഥിക്കുക. ഉന്നതി പ്രാപിക്കുകയും ഉൾക്കാഴ്ച ലഭിക്കുകയും ചെയ്തവരുടെ കൂട്ടത്തിൽ ഉൾപ്പെടുന്നതിന്നായി ആഗ്രഹിക്കുകയും ചെയ്യുക. ഈ ലോകത്ത് വെച്ച് ഉൾക്കാഴ്ച ഇല്ലാത്തവനും അന്ധനുമായി പോകുന്ന ഒരവസ്ഥ ഉണ്ടാകാതിരിക്കാൻ ശ്രമിക്കുക."

അല്ലാഹു നമുക്ക് ഒരു വിധത്തിൽ ഉൾക്കാഴ്ച നൽകിയിരിക്കുകയാണ്. അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും സന്ദേശം മനസ്സിലാക്കിക്കൊണ്ട് കാലഘട്ടത്തിന്റെ ഇമാമുമായി നാം ബന്ധം സ്ഥാപിച്ചിരിക്കുകയാണ്. അദ്ദേഹത്തെ അംഗീകരിച്ചിരിക്കുകയാണ്. എന്നാൽ പുരോഗതിയുടെ മാർഗ്ഗം തുറന്നിടപ്പെട്ടിരിക്കുന്നു. ആത്മീയ പടവുകൾ കയറിക്കൊണ്ടേ ഇരിക്കണം. പുരോഗതിയിലേക്ക് മുന്നേറേണ്ടതാണ്. മറ്റൊരു സ്ഥലത്ത് പറയുന്നു. "ജമാഅത്തിൽ പ്രവേശിച്ചുകൊണ്ട് ഒരു മാറ്റം നമ്മിൽ ഉണ്ടാകേണ്ടതാണ്. അത് പ്രകടമാകണം. ഒരു കൽപനയേയും ചെറുതായി കാണരുത്. ഓരോ കൽപനയേയും ആദരവോടെ കാണുക. വിശുദ്ധ ഖുർആന്റെ നൂറുക്കണക്കിന് കൽപനകളെ മനസ്സിലാക്കുന്നതിനും അത് പ്രാവർത്തികമാക്കുന്നതിനും പരിശ്രമിക്കേണ്ടിയിരിക്കുന്നു. ആ പരിശ്രമവും വിലയിരുത്തലും മനുഷ്യന് സ്വയം ചെയ്യാൻ സാധിക്കുന്നതാണ്. സ്വന്തം ആത്മ പരിശോധന ഓരോരുത്തരും നടത്തുകയാണ് എളുപ്പ മാർഗം. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറഞ്ഞതുപോലെ മനുഷ്യന്റെ ഹൃദയം അവന്റെ കണ്ണാടിയാണ്. തന്റെ ഹൃദയത്തിന്റെ കണ്ണാടി വൃത്തിയാക്കി അതിൽ തന്റെ മുഖം ദർശിക്കുക. അതിൽ തന്റെ ഹൃദയത്തിന്റെ അവസ്ഥ നോക്കുക. ഓരോരുത്തുർക്കും അവരവരുടെ അവസ്ഥ അതിൽ കാണാവുന്നതാണ്. മറ്റുള്ളവരെ ആക്ഷേപിക്കുന്ന പ്രവർത്തി ഇല്ലാതായിത്തീരും. സ്വയം നന്നാകുന്ന കാര്യത്തിലേക്ക് ശ്രദ്ധ തിരിയും. اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ എന്ന് അറിഞ്ഞ്കൊണ്ട് സ്വയം ചൊല്ലാൻ ശ്രമിക്കുന്നതായിരിക്കും."

പറയുന്നു. "ഈ ആന്തരീകമായ പരിവർത്തനമാണ് ജമാഅത്തിൽ ഉണ്ടാകണമെന്ന് ഞാൻ ആഗ്രഹിക്കുന്നത്." ഈ ആത്മ പരിശോധന നമ്മെ ബൈഅത്തിന്റെ പ്രതിജ്ഞ നിറവേറ്റുന്നതിലേക്കും നമ്മുടെ ഇസ്‌ലാഹ് വരുത്തുന്നതിലേക്കും പ്രേരണ നൽകുന്നതായിരിക്കും. യഥാർത്ഥ വിശ്വാസി വിജയത്തിനായി എപ്പോഴും പരിശ്രമിക്കുന്നവനാണ്. ഒരു മുഅ്മിന്റെ സ്ഥാനപദവിയെക്കുറിച്ച് മസീഹ് മൗഊദ് عليه السلام പറയുന്നു: "ഒരാളുടെ പക്കൽ യഥാർത്ഥ നന്മയുടെ ശേഖരം ഇല്ലെങ്കിൽ അവൻ മുഅ്മിനല്ല. അതുകൊണ്ടാണ് اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ എന്ന ദുആ സൂറാ ഫാതിഹായിൽ അല്ലാഹു പഠിപ്പിച്ചിരിക്കുന്നത്. മനുഷ്യൻ കളവ്, വ്യഭിചാരം പോലുള്ള വലിയ വലിയ പാപങ്ങൾ ഉപേക്ഷിക്കുക എന്നത് മാത്രം നന്മയായി പരിഗണിക്കരുത്.

صِرَاطَ الَّذِينَ اَنْعَمْتَ عَلَيْهِمْ എന്നതിൽ പറഞ്ഞ അനുഗ്രഹം പ്രത്യേക വസ്തുവാണെന്നും അത് കരസ്ഥമാക്കാത്തിടത്തോളം കാലം നന്മയുള്ളവനെന്നും സാത്വികനെന്നും പറയപ്പെടാൻ പറ്റില്ല എന്നും മനസ്സിലാക്കുക. നോക്കുക, എന്നെ നീ ദുർനടപ്പുകാരിലും തെമ്മാടികളിലും ഉൾപ്പെടുത്തരുതെ എന്ന ദുആയല്ല പഠിപ്പിച്ചത്. മറിച്ച് അനുഗ്രഹം ലഭിച്ചവരിൽ ഉൾപ്പെടുത്തേണമേ എന്ന് പറയാനാണ് പറഞ്ഞത്. അതുകൊണ്ട് ഒന്നുരണ്ട് നന്മകൾ ചെയ്താൽ പോരാ, യഥാർത്ഥ വിശ്വാസിക്ക് നന്മകളുടെ ഒരു ശേഖരം തന്നെ അവനോടൊപ്പം ഉണ്ടായിരിക്കേണ്ടതാണ്. നന്മയുടെ ഈ ശേഖരം അല്ലാഹുവിന്റെയും സൃഷ്ടികളുടേയും കടപ്പാടുകൾ നിർവ്വഹിക്കുന്നതിലൂടെയും വിശുദ്ധ ഖുർആന്റെ കൽപനകൾ നിറവേറ്റുന്നതിലൂടെയുമാണ് ലഭിക്കുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ് عَلَيْهِ السَّلَام പറയുന്നു. "ഓർക്കുക. പരിശുദ്ധിയുടെയും നന്മയുടെയും അടിവേര് അല്ലാഹുവിലുള്ള വിശ്വാസമാണ്. അല്ലാഹുവിലുള്ള വിശ്വാസം ബലഹീനമാകുന്നതനുസരിച്ച് സദ്പ്രവർത്തനങ്ങളിലും ബലഹീനതയും അലസതയും ഉണ്ടാകുന്നതാണ്. വിശ്വാസം സുദൃഢമാകുകയും അല്ലാഹുവിനെ സർവ്വഗുണങ്ങളാലും ദൃഢമായി വിശ്വസിക്കുകയും ചെയ്യുകയാണെങ്കിൽ അത്ഭുതകരമായ മാറ്റം മനുഷ്യന്റെ പ്രവർത്തനത്തിൽ ദൃശ്യമാകാൻ കഴിയുന്നതാണ്. അല്ലാഹുവിൽ വിശ്വസിക്കുന്നവന് തിന്മ ചെയ്യാൻ സാധിക്കുന്നതല്ല. കാരണം ഈ വിശ്വാസം അവന്റെ ദേഹേച്ഛകളായ ശക്തിയേയും തിന്മ ചെയ്യുന്ന അവയവങ്ങളുടെ ഞരമ്പുകളേയും മുറിച്ചുകളയുന്നു. നോക്കുക, ആരുടെയെങ്കിലും കണ്ണ് ചൂഴ്ന്നെടുത്താൽ അയാൾക്ക് കണ്ണ് കൊണ്ട് ദുർനോട്ടം ചെയ്യാൻ സാധിക്കുമോ? കണ്ണുകൊണ്ടുള്ള തിന്മ അവനെങ്ങനെ ചെയ്യാൻ സാധിക്കും. ഇതേപോലെ കൈ മുറിച്ചു കളഞ്ഞാൽ, ലൈംഗിക ശക്തി മുറിച്ചു കളഞ്ഞാൽ ഈ അവയവങ്ങളുമായി ബന്ധപ്പെട്ട തിന്മകൾ അവന് എങ്ങനെ ചെയ്യാൻ സാധിക്കും.? ഇതേപോലെ ഒരു മനുഷ്യൻ **മുത്മഇന്ന** എന്ന അവസ്ഥ പ്രാപിച്ചുകഴിഞ്ഞാൽ **നഫ്സെ മുത്മഇന്ന** അവനെ അന്ധനാക്കുന്നതാണ്. അവന്റെ കണ്ണുകളിൽ പാപം ചെയ്യാനുള്ള ശക്തി അവശേഷിക്കുകയില്ല. അവന് കാഴ്ചയുണ്ടെങ്കിലും കാണുന്നില്ല. കാരണം കണ്ണുകൊണ്ടുള്ള തിന്മയുടെ ആ ശക്തി എടുത്തു മാറ്റപ്പെട്ടിരിക്കുകയാണ്. അവന് ചെവിയുണ്ടെങ്കിലും ബധിരനായിരിക്കും. തിന്മയുമായി ബന്ധപ്പെട്ട കാര്യങ്ങൾ അവന് കേൾക്കാൻ കഴിയില്ല. ഇതേപോലെ അവന്റെ ദേഹേച്ഛകളും വികാരങ്ങളും ആന്തരിക ശക്തികളും എല്ലാം മുറിച്ച് മാറ്റപ്പെടുന്നു. തിന്മ പ്രത്യക്ഷപ്പെടാൻ സാധ്യതയുണ്ടായിരുന്ന സർവ്വ അവയവങ്ങൾക്കും ഒരു മരണം സംഭവിക്കുന്നു. അങ്ങനെ അവൻ ഒരു മയ്യത്തിനെപ്പോലെ ആയിത്തീരുന്നു. അല്ലാഹുവിന്റെ ഇഷ്ടത്തിനനുസരിച്ചായിരിക്കും അവൻ പ്രവർത്തിക്കുക. അവനില്ലാതെ ഒരടിപോലും വെക്കാൻ അവന് സാധ്യമല്ല. അല്ലാഹുവിൽ യഥാർത്ഥ വിശ്വാസമുണ്ടാകുമ്പോഴുള്ള അവസ്ഥയാണിത്. ഇതിന്റെ ഫലമായി പരിപൂർണ്ണ സംതൃപ്തി അവന് ലഭ്യമാകുന്നു. മനുഷ്യന്റെ യഥാർത്ഥ ലക്ഷ്യം ഈ സ്ഥാരം കരസ്ഥമാക്കുക എന്നതായിരിക്കണം."

പറയുന്നു: "നമ്മുടെ ജമാഅത്തിന് ഇതിന്റെ ആവശ്യമാണുള്ളത്. പരിപൂർണ്ണ സംതൃപ്തി കൈവരിക്കാൻ പരിപൂർണ്ണ വിശ്വാസം അനിവാര്യമാണ്. അതുകൊണ്ട് നമ്മുടെ ജമാഅത്തിന്റെ പ്രഥമമായ ഉത്തരവാദിത്വം, അല്ലാഹുവിൽ യഥാർത്ഥ വിശ്വാസം അവർ കരസ്ഥമാക്കുക എന്നതാണ്. വിശ്വസിച്ചാൽ മാത്രം പോരാ. വിശ്വാസത്തിന്റെ ഈ നിലവാരം നാം കരസ്ഥമാക്കേണ്ടതാണ്."

ഹദ്റത്ത് മസീഹ് മൗഊദ് عَلَيْهِ السَّلَام നമ്മിൽ കാണാൻ ആഗ്രഹിക്കുന്ന ഉന്നതസ്ഥാനമാണിത്. നമുക്ക് നമ്മുടെ ജീവിതത്തിൽ പരിശുദ്ധമായ മാറ്റം വരുത്തിക്കൊണ്ട് ഈ സ്ഥാനം കരസ്ഥമാക്കാൻ അല്ലാഹു തൗഫീഖ് നൽകുമാറാകട്ടെ. അല്ലാഹുവുമായുള്ള ബന്ധത്തിൽ മുന്നേറുന്നവരായി നാം മാറട്ടെ. അല്ലാഹു ഏതൊരു ഹിദായത്തിലാണോ നമ്മെ നിലനിറുത്തിയിരിക്കുന്നത് ഏതൊരു അനുഗ്രഹമാണോ അവൻ നമ്മോട് ചെയ്തിരിക്കുന്നത് ആ അനുഗ്രഹത്തിനും പാരിദേഷികത്തിനും നന്ദി പ്രകടിപ്പിക്കുന്നവരായി, അല്ലാഹുവിന്റെ കൽപനകളിൽ മുന്നേറുന്നവരായി നാം മാറട്ടെ. നമ്മുടെ മക്കളിൽ അഹ്മദിയ്യത്തിന്റെ അനുഗ്രഹത്തെ നിലനിർത്തുന്നതിനു വേണ്ടി നാം നമ്മുടെ പ്രയത്നത്തിലും ദുആയിലും ഒരിക്കലും അലസരാകാതിരിക്കട്ടെ. ഭൗതിക സുഖാഢംബരങ്ങളുള്ള ഈ നാടുകൾ നമ്മെ നമ്മുടെ ലക്ഷ്യത്തിൽ നിന്നും അകറ്റുന്നതാവാതിരിക്കട്ടെ. അല്ലാഹു നമുക്കതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2011 June 17 at: Grob Gerau,GERMANY
Translation: M. Nasir Ahmed Kodiyathur 09497343704

Typing: M.P. Abdul Latheef Calicut
Page Layout: T. Jamshad Mukkam
Published by: **Majlis Khuddamul Ahmadiyya, North Kerala**